പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8087 | 17.07.2014 -ൽ മറുപടിക്ക്

## സിസ്സേറിയൻ പ്രസവങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>,, കെ. എസ്. സലീഖ :<br>,, കെ. കെ. ലതിക : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ലോകാരോഗ്യ സംഘടനയുടെ പഠനമനുസരിച്ച് സിസ്സേറിയൻ രീതിയിലുള്ള പ്രസവം ആകെയുള്ളതിന്റെ എത്ര ശതമാനംവരെയാകാമെന്നാണ് കണക്കാക്കിയിരിക്കുന്നത് ; | (എ) ലോകാരോഗ്യ സംഘടന നിർദ്ദേശിക്കുന്ന ഉയർന്ന നിരക്ക് 15 ശതമാനം ആണ്. |
| (ബി) കേരളത്തിലെ സർക്കാരാശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും സിസ്സേറിയൻ നിരക്ക് എത്രയാണെന്നതിന്റെ കണക്ക് ലഭ്യമാണോ ; അറിയിക്കാമോ ; | (ബി) 2013-14 ലെ ലഭ്യമായ കണക്ക് അനുസരിച്ച് കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രസവങ്ങളിൽ 38.1 ശതമാനം സിസേറിയൻ പ്രസവങ്ങൾ ആണ്. സ്വകാര്യ ആശുപത്രികളിൽ ആകെയുള്ള പ്രസവങ്ങളിൽ 40.73 ശതമാനം സിസ്സേറിയൻ പ്രസവങ്ങൾ ആണ്. എന്നാൽ സർക്കാർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ സിസ്സേറിയൻ നിരക്ക് 20 ശതമാനമാണ്. |
| (സി) അസാധാരണമായി ഉയർന്ന തോതിലുള്ള സിസ്സേറിയൻ പ്രസവത്തിന്റെ കാരണം പരിശോധിച്ചിരുന്നോ ; ഇതുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ? | (സി) ഉയർന്ന തോതിലുള്ള സിസ്സേറിയൻ പ്രസവത്തിന്റെ കാരണം വിശദമായി അന്വേഷിക്കുകയും, ആയത് നിയന്ത്രിക്കുന്നതിനുള്ള കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 07.05.2011 -ലെ ജി.ഒ.(ആർ.റ്റി)നം.1791/2011/ആ.കു.വ. പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ